**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1828** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഇ-ബസിനായി ഹെസ് കമ്പനിയുമായുള്ള കരാർ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . എം . വിൻസെൻറ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഒരു അന്താരാഷ്ട്ര കമ്പനിയുമായി മൂവ്വായിരം ഇലക്ട്രിക് ബസുകൾ വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ ചർച്ചകൾ നടത്തിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഇലക്ട്രിക്ക് ബസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വിറ്റ്സർലന്റിലെ ഹെസ് എന്ന കമ്പനിയുടെ പ്രതിനിധികൾ 17/02/2020 ന് ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തുകയും 2020 മാർച്ച് അവസാനത്തോടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ പി.ഡബ്ല്യൂസി-യോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതേ സമയം കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് ഒരു ചേസിസ് ഇറക്കുമതി ചെയ്ത് ഹോമോലോഗേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കാലതാമസം ഒഴിവാക്കി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടാമെന്നും യോഗം വിലയിരുത്തിയിരുന്നു. തുടർന്ന് 2020 ഏപ്രിൽ അവസാനത്തോടെ ധാരണാപത്രം ഒപ്പുവെക്കുവാനും യോഗം തീരുമാനിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യൂസി യുമായി കരാർ ഒപ്പിടാത്തതിനാൽ DPR തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | സ്വിറ്റ്സർലന്റിലെ ഹെസ് എന്ന കമ്പനിയുടെ പ്രതിനിധികൾ ഇതുസംബന്ധിച്ച് സംസ്ഥാനസർക്കാരുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇലക്ട്രിക്ക് ബസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വിറ്റ്സർലന്റിലെ ഹെസ് എന്ന കമ്പനിയുടെ പ്രതിനിധികൾ 17/02/2020 ന് ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തുകയും 2020 മാർച്ച് അവസാനത്തോടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ പി.ഡബ്ല്യൂസി-യോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതേ സമയം കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് ഒരു ചേസിസ് ഇറക്കുമതി ചെയ്ത് ഹോമോലോഗേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കാലതാമസം ഒഴിവാക്കി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടാമെന്നും യോഗം വിലയിരുത്തിയിരുന്നു. തുടർന്ന് |

| | | | |
|---|---|---|---|
| | | | 2020 ഏപ്രിൽ അവസാനത്തോടെ ധാരണാപത്രം ഒപ്പുവെക്കുവാനും യോഗം തീരുമാനിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യൂ.സി യുമായി കരാർ ഒപ്പിടാത്തതിനാൽ DPR തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) | സംസ്ഥാന സർക്കാർ പ്രസ്തുത കമ്പനിയുമായി ഇ-ബസ്സുകൾ വാങ്ങുന്നതിന് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ വെബ്സൈറ്റിൽ കേരള സർക്കാരുമായി എം.ഒ.യു. ഒപ്പിട്ടു എന്ന വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വാർത്ത തെറ്റാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ പേരിൽ മുതലെടുപ്പ് നടത്താൻ ശ്രമം നടത്തിയ കമ്പനിയുടെ നടപടി സർക്കാർ കരാറിന് വിപരീതമല്ലേ എന്ന് വെളിപ്പെടുത്താമോ; | (സി) | ഇല്ല. എം.ഒ.യു ഒപ്പിട്ടതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വെബ്സൈറ്റിൽ തെറ്റായി വാർത്ത വന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ഹെസ്സ് കമ്പനിക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇല്ല. എം.ഒ.യു ഒപ്പിട്ടതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ